**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1066.** **30.01.2019 ൽ മറുപടിയ്ക്ക്**

**കൽപ്പറ്റയിൽ എക്സൈസ് ടവർ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ.ശശീന്ദ്രൻ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| വയനാട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ എക്സൈസ് ടവർ സ്ഥാപിക്കുന്ന കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | വയനാട് എക്സൈസ് ടവർ നിർമ്മാണത്തിനു വേണ്ടി വൈത്തിരി താലൂക്കിൽ റവന്യൂ ഭൂമി ലഭ്യമല്ലാത്തതിനാൽ ഏതെങ്കിലും സർക്കാർ വകുപ്പുകളുടെ കൈവശം ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന പക്ഷം തുടർ നടപടികൾ കൈക്കൊള്ളാമെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചിരുന്നു.<br><br>തുടർന്ന് കൽപ്പറ്റ വില്ലേജിൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശം ബ്ലോക്ക് നം.18-ൽ റി.സ. 472/2-ൽ ഉൾപ്പെട്ട 2.622 ഹെക്ടർ ഭൂമിയിൽ നിലവിൽ കൽപ്പറ്റ വില്ലേജ് ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്ന പഴയകെട്ടിടം ഉൾപ്പെടെയുള്ള 20 സെൻറ് ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ചുകിട്ടുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് 23.10.2017 തീയതി അപേക്ഷ നൽകിയിരുന്നുവെങ്കിലും ടി സ്ഥലത്തെ കെട്ടിടം ഇറിഗേഷൻ വകുപ്പിനുള്ള കെട്ടിട നിർമ്മാണത്തിനും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കേണ്ടതിനാൽ ഇറിഗേഷൻ വകുപ്പ് എൻ.ഒ.സി. അനുവദിച്ചിട്ടില്ല.<br><br>ആയതിനാൽ പ്രസ്തുത സ്ഥലത്തുള്ള ഉപയോഗ |

| | |
|---|---|
| | ശൂന്യമായ 25 സെന്റ് സ്ഥലം അനുവദിച്ചു കിട്ടുന്നതിന് 06.10.2018-ന് ജില്ലാകളക്ടർക്ക് വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു,എങ്കിലും പ്രസ്തുത സ്ഥലം വകുപ്പിന് ആവശ്യമാണെന്ന് കാരാപ്പുഴ പ്രൊജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ എക്സൈസ് ടവർ നിർമ്മാണത്തിനായി മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള അന്വേഷണം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**